ഒ.പി.യിലും മറ്റുമായി സ്റ്റേയിൽപ്പെട്ട് കിടക്കും. കൂടാതെ വ്യാപാര സ്ഥാപനം പൂട്ടിപോയതും കുടിശ്ശികക്കാരൻ പാപ്പരായതും നാട് വിട്ടതുമായ അവസരങ്ങളിലും കുടിശ്ശിക പിരിച്ചെടുക്കാൻ കാലതാമസം ഉണ്ടാകാറുണ്ട്.

(സി) 23343 കേസുകൾ.

(ഡി) 1770.31 കോടി രൂപ. 1864.93 കോടി രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

(ഇ) കുറഞ്ഞിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

വിൽപ്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ സ്വത്തുവിവരം

26. [1806] ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ സ്കാഡ് നമ്പർ 2-ൽ (ഇൻറലിജൻസ് വിഭാഗം ഉൾപ്പെടെ എത്ര സെയിൽസ്ടാക്സ് ഇൻസ്പെക്ടർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവർ ഈ ഡിപ്പാർട്ടുമെൻറിൽ എത്ര കാലമായി ജോലി ചെയ്തു വരുന്നു ;

(സി) മൂന്ന് വർഷം പൂർത്തിയാക്കിയവരെ തൽസ്ഥാനത്ത് നിന്ന് മാറ്റണമെന്ന വ്യവസ്ഥ ഇവർക്ക് ബാധകമാക്കിയിട്ടുണ്ടോ ;

(ഡി) ആണെങ്കിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്നും മാറ്റാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ ഉദ്യോഗസ്ഥർ ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശിച്ചശേഷം ആർജ്ജിച്ച സ്വത്തിനെപ്പറ്റി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇവരുടെയും കുടുംബാംഗങ്ങളുടെയും സ്വത്തിനെപ്പറ്റി അന്വേഷിക്കാൻ നടപടി സ്വീകരിക്കാമോ ;

(ജി) അനധികൃതമായി സ്വത്ത് സമ്പാദിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3 സെയിൽടാക്സ് ഇൻസ്പെക്ടർമാർ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) പൊതു സ്ഥലം മാറ്റത്തിൽ ഈ ആവശ്യം പരിഗണിക്കുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ആൻറ് (ജി) ഓരോ കേസിന്റെയും ഗൗരവം കണക്കിലെടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി

27. [1808] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1976-ൽ നിലവിൽ വന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ 1995 ഡിസംബർ വരെ എത്ര പോളിസി നൽകി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1996 ആദ്യത്തെ രണ്ടുമാസംകൊണ്ട് എത്ര പോളിസികൾ നൽകി ;

(സി) ജീവനക്കാർ അഡീഷണൽ പോളിസി എടുക്കണമെന്ന നിയമം നിലവിലുണ്ടോ ;

(ഡി) എങ്കിൽ ഇതുവരെ എത്ര അഡീഷണൽ പോളിസികൾ നൽകിയിട്ടുണ്ട് ;

(ഇ) ഇതുവഴി സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം എത്ര ആണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,86,972 എണ്ണം.
(ബി) 1660 എണ്ണം.
(സി) ഉണ്ട്.
(ഡി) ഇപ്പോൾ ലഭ്യമല്ല.
(ഇ) 1994-95-ലെ വരവ് 8,21,95,644 രൂപ.

ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

28. [1809] ശ്രീ. റ്റി. ശിവദാസമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏതു വർഷം നിലവിൽ വന്നു; ഇതുവരെ എത്ര പോളിസി നൽകിയിട്ടുണ്ട് ;

(ബി) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ജീവനക്കാർ അഡീഷണൽ പോളിസി എടുത്തിട്ടുണ്ടോ ;

(സി) ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എത്ര അഡീഷണൽ പോളിസികൾ നൽകിയിട്ടുണ്ട് ;

(ഡി) ഗ്രൂപ്പ് ഇൻഷ്വറൻസിൽ നിന്നും ലോൺ സൗകര്യം ഏർപ്പെടുത്തി ജീവനക്കാരെ സ്കീമിലേക്ക് ആകർഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 1984-ൽ നിലവിൽ വന്നു. ഇതേ വരെ 227956 പേർക്ക് പാസ് ബുക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 18-9-1995-ലെ 498/95/ധന.എന്ന ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ഇഷ്ടാനുസരണം അഡീഷണൽ യൂണിറ്റുകൾ എടുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. ഉദ്യോഗക്കയറ്റം മൂലം ഗ്രൂപ്പ് മാറ്റം ഉണ്ടാകുമ്പോഴും കൂടുതൽ യൂണിറ്റുകൾ എടുക്കുമ്പോഴും വിവരം ഇൻഷ്വറൻസ് വകുപ്പിനെ അറിയിക്കുമ്പോൾ മേൽ വസ്തുത 'എൻഡോഴ്സ്മെന്റ്' ചെയ്തു നൽകുന്നു.

(സി) ഗ്രൂപ്പ് മാറ്റത്തെ സംബന്ധിക്കുന്ന 5600 'എൻഡോഴ്സ്മെന്റുകൾ' നൽകിയിട്ടുണ്ട്.

(ഡി) ലോൺ സൗകര്യത്തിന് പദ്ധതിയിൽ ഇപ്പോൾ വ്യവസ്ഥ ഇല്ല. ഇക്കാര്യം ജീവനക്കാർ ആവശ്യപ്പെടുന്നപക്ഷം ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly